# പണാപഹരണം നടത്തിയതിന് പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഹൈക്കോടതി വിധി സുപ്രീം കോടതി റദ്ദാക്കി

## സുപ്രീം കോടതി

S.L.P. (C) No. 32067/2018 Dt. 5.1.2021

അപ്പലേറ്റ് അതോറിറ്റി
x
അജയ് കുമാർ ശ്രീവാസ്തവ

സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യയുടെ മുംഫോർദ്ഗഞ്ജ് ശാഖയിൽ കേഷ്യർ-ക്ലർക്ക് തസ്തികയിൽ 1981-ലാണ് തൊഴിലാളി നിയമിതനായത്. അപ്രകാരമിരിക്കെ 1995-ൽ അയാൾ പലതവണ പണാപഹരണം നടത്തിയതായി മേനേജ്മെന്റ് കണ്ടുപിടിച്ചു. ഉടനെത്തന്നെ മേനേജ്മെന്റ് അയാളെ സസ്പെന്റ് ചെയ്തു. 1996-ൽ ഏഴ് ആരോപണങ്ങളടങ്ങിയ കുറ്റപത്രം അയാൾക്ക് നല്കപ്പെട്ടു. ഏഴ് വ്യാജ ഇടപാടുകളിലൂടെ പത്ത് ലക്ഷത്തിലധികം രൂപ തൊഴിലാളി അപഹരിച്ചെടുത്ത് ബേങ്കിനെയും ഇടപാടുകാരെയും വഞ്ചിച്ചു എന്നതാണ് കുറ്റപത്രത്തിന്റെ രത്നച്ചുരുക്കം. തുടർന്ന് അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്തി. ആറ് കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നും ഒരെണ്ണം തെളിഞ്ഞിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കി. റിപ്പോർട്ട് സസൂക്ഷ്മം അപഗ്രഥിച്ച് വിലയിരുത്തിയ മേനേജ്മെന്റ് കാര്യ-കാരണ സഹിതം ഏഴ് ആരോപണങ്ങളും തെളിഞ്ഞിട്ടുണ്ടെന്ന് പ്രഖ്യാപിച്ചു. കുറ്റാരോപണങ്ങൾ സംബന്ധിച്ച ക്രിമിനൽ കേസ് തീർപ്പാക്കുന്നതുവരെ അച്ചടക്ക നടപടി സ്വീകരിക്കരുതെന്ന് തൊഴിലാളി ആവശ്യപ്പെട്ടത് ബേങ്ക് അംഗീകരിച്ചില്ല. 1999-ൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ തൊഴിലാളി നല്കിയ അപ്പീൽ അപ്പലേറ്റ് അതോറിറ്റി വിശദമായ ഉത്തരവിലൂടെ തള്ളിക്കളഞ്ഞു. തുടർന്ന് തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഒന്നാമത്തെ കുറ്റാരോപണം തെളിഞ്ഞിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിനു ശേഷം അത് തെളിഞ്ഞിട്ടുണ്ടെന്ന് മേനേജ്മെന്റ് പ്രഖ്യാപിച്ചത് സ്വാഭാവിക നീതിക്കു വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയ സിംഗിൾ ബഞ്ച് തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കി. ഇതിനെതിരെ മേനേജ്മെന്റ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചെങ്കിലും അത് തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് മേനേജ്മെന്റ് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. അപ്പീൽ പരിഗണനയിലിരിക്കെ ലക്നൗ സി.ബി.ഐ. കോടതി തൊഴിലാളിക്ക് പത്തു വർഷത്തെ കഠിനത്തടവും പിഴയും ശിക്ഷ വിധിച്ചു. ഏഴിലൊരു ആരോപണം തെളിഞ്ഞിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പ്രഖ്യാപിച്ചു എന്ന കാരണത്താൽ തൊഴിലാളിയെ പിരിച്ചുവിട്ടത് തെറ്റാണെന്ന് കാണാനാവില്ലെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ തെളിഞ്ഞിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയ ആരോപണം തെളിഞ്ഞിട്ടുണ്ടെന്ന് മേനേജ്മെന്റ് വിലയിരുത്തിയത് വിശദമായ നിരീക്ഷണത്തിലൂടെയാണെന്ന് സുപ്രീം കോടതി വിലയിരുത്തി. ഒരു തരത്തിലും സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടിട്ടില്ലെന്നും അവിശ്വസ്തതയും വഞ്ചനയും ഗുരുതരമായ കുറ്റങ്ങളാണെന്നും ബേങ്കിലെ ജീവനക്കാർ പൊതുജനങ്ങളുടെ പണം കൈകാര്യം ചെയ്യുന്നതിനാൽ അത്യധികം വിശ്വസ്തത ആവശ്യമാണെന്നും വിലയിരുത്തിയ സുപ്രീം കോടതി ഹൈക്കോടതിയുടെ വിധികൾ റദ്ദാക്കുകയും തൊഴിലാളിയെ പിരിച്ചുവിട്ടത് ശരിവയ്ക്കുകയും ചെയ്തു.